(ബി) ഒന്നാംഘട്ട വിതരണത്തിതലുണ്ടായതുപോലുള്ള പുസ്തകങ്ങളുടെ ലഭ്യത ക്കുറവ് ഇപ്പോൾ ഇല്ല. രണ്ടാം ടേമിലേയ്ക്കുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിന് കൂടുതൽ പ്രിന്റ് ഓർഡർ നൽകിയതിനാൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എല്ലാ ക്ലാസുകളിലും പുസ്തകങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന സംവി ധാനം ശക്തിപ്പെടുത്തി യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഐടി സ്കൂളിൽ നടന്നുവരികയാണ്സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

98 (1153) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലവിളംബം നേരിടാനിടയായ സാഹചര്യം എന്തായിരുന്നു ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് എന്നായിരുന്നു; സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചത് എന്നായിരുന്നു; 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന എത്ര രൂക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ;

(സി) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളിൽ അടുക്കള സ്റ്റോർ ആവശ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കാലവിളംബം ഉണ്ടായിട്ടില്ല. എല്ലാ സാമ്പത്തിക വർഷത്തിലും കൃത്യമായി പ്രൊപ്പോസൽ നൽകി വരുന്നുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് 2006-07-ൽ ആയിരുന്നു. 2006-07-ൽ തന്നെ സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന സംസ്ഥാനത്തിന് രൂകയൊന്നും ലഭിച്ചിട്ടില്ല.

(സി) 5288 സർക്കാർ സ്കൂളുകളിൽ.

LIBRARY ARCHIVES Kerala Legislative Assembly